പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6054

28.10.2011 ൽ
മറുപടിയ്ക്ക്

# ഒരു പഞ്ചായത്തിൽ ഒന്നിലധികം മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ; | ശ്രീ. റ്റി.എം. ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഒരു പഞ്ചായത്തിൽ ഒന്നിലധികം മാവേലിസ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | എ) ഉണ്ട്. |
| ബി) ഒന്നിലധികം മാവേലിസ്റ്റോറുകൾ ഒരു പഞ്ചായത്തിൽ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ; | ബി) & സി) |
| സി) ഒരു മാവേലി സ്റ്റോർ നിലവിലുള്ള പഞ്ചായത്തുകളിൽ കൂടുതൽ മാവേലിസ്റ്റോർ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | നിലവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനാണ് മുൻഗണന നൽകുന്നത്. എന്നാൽ സാമൂഹികപരമായും വാണിജ്യപരമായും ഗുണകരമാവും എന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ ജീവനക്കാരുടെ ലഭ്യതയും കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതിയും പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കണക്കിലെടുത്ത് ചില പഞ്ചായത്തുകളിൽ ഒന്നിൽ കൂടുതൽ മാവേലി സ്റ്റോറുകൾ തുടങ്ങുന്നുണ്ട് ഇപ്രകാരം ഒന്നിൽ കൂടുതൽ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനും പഞ്ചായത്ത് അധികാരികൾ രണ്ട് വർഷത്തേക്ക് വാടക ഇല്ലാത്ത 500 ച.അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കെട്ടിടസൗകര്യവും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾക്കുമായി 40,000 രൂപയും ലഭ്യമാക്കേണ്ടതുണ്ട് എന്ന മാനദണ്ഡം ബാധകമാണ്. എന്നിരുന്നാലും ജീവനക്കാരുടെ ദൗർലഭ്യവും കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുക്കുമ്പോൾ നിലവിൽ കൂടുതൽ പഞ്ചായത്തുകളിൽ ഒന്നിൽ കൂടുതൽ മാവേലി സ്റ്റോറുകൾ തുടങ്ങുന്നത് പ്രോത്സാഹിപ്പിക്കാറില്ല. |

Sd/-
സെക്ഷൻ ഓഫീസർ